By Registered Post

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ **AP.No. 2254(5)/21/SIC**

### തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No.17685/SIC-G7/2021

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി – 10.01.2023**

| | |
|---|---|
| **ശ്രീ. ജയപ്രകാശ്,<br>S/o നാരായണൻ,<br>തെക്കിനിയേടത്ത് ഹൗസ്,<br>ചെറാട്ടുകുഴി, ഡൗൺഹിൽ പി.ഒ,<br>മലപ്പുറം.** | **അപ്പീൽ ഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>മലപ്പുറം വില്ലേജ് ഓഫീസ്,<br>കോട്ടപ്പടി, മലപ്പുറം.<br><br>അപ്പീൽ അധികാരി &<br>തഹസിൽദാർ (ഭൂരേഖ),<br>ഏറനാട് താലൂക്ക്,<br>താലൂക്ക് ഓഫീസ്, മഞ്ചേരി – 676 721.** | **എതിർകക്ഷികൾ** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.04.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 17.05.2021 |
| ഒന്നാംഅപ്പീൽ | 14.06.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.08.2021 |
| രണ്ടാംഅപ്പീൽ | 28.12.2021 |
| ഹിയറിംഗ്തീയതി | 25.07.2022, 25.08.2022 |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു (പ്രതിനിധി)<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ എസ്.പിഐഒയോട് ആവശ്യപ്പെട്ടത്, മലപ്പുറം അംശം, കീഴ്മുറി ദേശത്ത് റീസർവ്വെ 494/6 ൽപ്പെട്ട 58 സെന്റ് വസ്തുവിന് ഭൂനികുതി സ്വീകരിക്കാതിരിക്കാനുള്ള കാരണം സ്വീകരിക്കാതാരിക്കാൻ ആധാരമായ ഉത്തരവു ണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്, ഉത്തരവ് ഉണ്ടെങ്കിൽ ആയതിന് ആധാര

മായ വല്ല പരാതികളും ആരെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ എന്തെല്ലാം രേഖകൾ ഹാജരാക്കിയിട്ടുണ്ട്, ആയതിന്റെ മുഴുവൻ പകർപ്പുകൾ, പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് റിപ്പോർട്ടുകൾ സർവ്വെ വകുപ്പിൽ നിന്നോ മറ്റോ ലഭിച്ചിട്ടുണ്ടോ എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയിൻമേൽ ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും തൃപ്തികരമായ വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 25.07.2022 തീയതി ഹിയറിംഗ് നിശ്ചയിക്കുകയും പ്രസ്തുത ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും എസ്.പി.ഐ.ഒയുടെ പ്രതിനിധിയും പങ്കെടുക്കുകയുണ്ടായി. ഒന്നാം എതിർകക്ഷിയുടെ പ്രതിനിധിയുടെ മൊഴിയിൽ അവ്യക്തതയുള്ളതിനാൽ ബന്ധപ്പെട്ട എസ്.പി.ഐ.ഒയെ 25.08.2022 തീയതി നേരിൽ കേട്ടു.

3. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയെന്നും മലപ്പുറം വില്ലേജ് സർവ്വെ നമ്പർ 494/6 ൽപ്പെട്ട 58 സെന്റ് ഭൂമിക്ക് 19.08.2020 ന് ഇസ്ലാഹിയ അസോസിയേഷന്റെ പേരിൽ കമ്പ്യൂട്ടർ എൻട്രി വരുത്തിയതായി കാണുന്നതിനാലാണ് ടിയാളുടെ പേരിൽ നികുതി അടയ്ക്കാൻ കഴിയാത്തതെന്നും തുടർന്ന് കമ്പ്യൂട്ടർ രേഖകളും ടി കാര്യാലയത്തിൽ നിലവിലുള്ള 25.06.2015 ലെ ബഹു. മഞ്ചേരി സെക്ഷൻസ് കോടതിയുടെ 933/2015 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തതെന്നും ഐ.എ 2396/16(ഒഎസ്) 336/2015 നമ്പർ കേസിൽ അഡ്വക്കേറ്റ് കമ്മീഷൻ ബഹു. കോടതി മുമ്പാകെ ഹാജരാക്കിയ സ്കെച്ചിൽ ടിയാന് 494/6 ൽ ഭൂമിയില്ലായെന്നും 33.5 സെന്റ് ഭൂമി 494/7 സർവ്വെ നമ്പരിലാണെന്നും പ്രസ്തുത വിവരമാണ് കക്ഷിയെ അറിയിച്ചതെന്നും സർവ്വെ നമ്പർ 494/6 ൽ തെറ്റായി ചെയ്ത പോക്ക് വരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് 13.11.2017 ന് ഇസ്ലാഹിയ സ്കൂൾ സമർപ്പിച്ച പരാതി, ഐ. എ 1702/2015 ലെ ഉത്തരവിന്റെ പകർപ്പ്, സി.എം.സി 933/2015 നമ്പർ ഉത്തരവിന്റെ പകർപ്പ് അഡ്വക്കേറ്റ് കമ്മീഷൻ തയ്യാറാക്കിയ സ്കെച്ചിന്റെ പകർപ്പ്, പമ്പ് ഹൗസ് അപേക്ഷയുമായി ബന്ധപ്പെട്ട് അപ്പീൽവാദിയും കല്യാണി എന്നവരും മലപ്പുറം മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ച സ്കെച്ചിന്റെ പകർപ്പ് എന്നിവ 26.05.2021 തീയതി ഹർജിക്കാരന് നൽകിയതായും സർവ്വേ വകുപ്പുകളിൽ നിന്നു ടിയാൻ ആവശ്യപ്പെട്ട പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നും എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചു.

4. അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയിലൂടെയും കത്തിലൂടെയും അറിയിച്ചത് മലപ്പുറം വില്ലേജിൽ മലപ്പുറം അംശം കീഴ്മുറി ദേശത്ത് റീസർവ്വെ 494/6 ൽ പ്പെട്ട 58 സെന്റ് സ്ഥലം ടിയാന് 865/2004, 1263/2015 നമ്പർ രജിസ്റ്റർ ആധാരങ്ങൾ പ്രകാരം അവകാശ കൈവശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിരാക്ഷേപമായി കൈവശം വച്ച് അടക്കി അനുഭവിച്ച് വരുന്നതും പ്രസ്തുത സ്ഥലത്തിന് 2020 ലെ കെ.എൽ10011301263/2020 രസീത് പ്രകാരം 2020 വരെ നികുതി അടച്ചിരുന്നതുമാണെന്നും തുടർന്ന് 2021 ലെ നികുതി അടയ്ക്കാൻ വില്ലേജ് ഓഫീസറെ സമീപിച്ചപ്പോൾ 19.08.2020 തീയതി ഇസ്ലാഹിയ അസോസിയേഷന്റെ പേരിൽ കമ്പ്യൂട്ടറിൽ എൻട്രി വരുത്തി 2020ലെ നികുതി അടച്ചതായി കാണുന്നുവെന്നും ഇസ്ലാഹിയ അസോസിയേഷന്റെ പേരിൽ ജമ തിരിക്കാൻ സ്വീകരിച്ചതായി പറ

യുന്ന നടപടികളിൽ സ്ഥലം ഉടമയും 2020 വരെ നികുതി അടച്ചു കൈവശം വച്ച് വരുന്ന ഹർജിക്കാരന് യാതൊരുവിധ നോട്ടീസും നൽകിയിട്ടില്ലായെന്നും നിയമാനുസരണമുള്ള ആധാര പ്രകാരം വഹകൾ കൈവശം വച്ച് സർക്കാർ നികുതി അടച്ചു വരികയായിരുന്നുവെന്നും എന്നാൽ യാതൊരു അറിയിപ്പും കൂടാതെ വഹകളുടെ ജമ ഇസ്ലാഹിയ അസോസിയേഷന്റെ പേരിലേക്ക് മാറ്റിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയുവാൻ വേണ്ടിയിട്ടാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നും എന്നാൽ വ്യക്തമായ വിവരം നൽകിയിരുന്നില്ലായെന്നുമാണ് ഹർജിക്കാരൻ അറിയിച്ചത്. കൂടാതെ 1966 ലെ ലാൻഡ് രജിസ്ട്രി റൂൾസ് പ്രകാരം വഹകളുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കം ഉണ്ടെങ്കിൽ സിവിൽ കോടതിയുടെ തീരുമാനം അനുസരിച്ചേ ജമ മാറ്റാൻ പാടുള്ളുവെന്നും സിവിൽ കോടതി വിധി അംഗീകരിച്ച് ജമയിൽ മാറ്റം വരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതു പ്രകാരം ബഹു. കേരള ഹൈക്കോടതി വിധികൾ പ്രകാരം തഹസിൽദാർക്കോ വില്ലേജ് ഓഫീസർക്കോ തർക്കഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കുവാൻ യാതൊരുവിധ അധികാരവുമില്ലെന്നും കർശനമായ നിർദ്ദേശത്തോടെ വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതൊക്കെ ധിക്കരിച്ചുകൊണ്ടും യഥാർത്ഥ ഭൂ ഉടമസ്ഥനെ ഏകപക്ഷീയമായി പുറന്തള്ളികൊണ്ടുമാണ് നടപടി സ്വീകരിച്ചതായി കാണുന്നതെന്നും ഇതു നിയമവിരുദ്ധമായ നടപടിയാണെന്നും തുടർന്ന് 15.02.2021 തീയതി ഏറനാട് താലൂക്കിൽ നൽകിയ ഹർജിയിൻമേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും നിയമവിരുദ്ധമായ നടപടികൾ റദ്ദാക്കി ജമാ പൂർവസ്ഥിതിയിൽ ആക്കുകയോ ഉണ്ടായിട്ടില്ലായെന്നും ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിക്കുകയുണ്ടായി.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. മലപ്പുറം അംശം കീഴ്മുറി ദേശത്ത് റീസർവ്വെ നമ്പർ 494/6 ൽപ്പെട്ട 58 സെന്റ് സ്ഥലം 865/2004, 1263/2015 നമ്പർ രജിസ്റ്റർ ആധാരങ്ങൾ പ്രകാരം അവകാശ കൈവശം സിദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയപ്രകാശ് 2020 ലെ കെ. എൽ10011301263/2020 രസീത് നമ്പർ പ്രകാരം (റ്റി.പി നം. 2493) നികുതി അടവാക്കിയിട്ടുണ്ട്. 2004 ൽ ടിയാനും മാതാവിനും കൂട്ടവകാശം ആയിരുന്നു. 2015 ൽ പൂർണ്ണവകാശം ലഭിച്ചു. 2004 ൽ പ്രസ്തുത 58 സെന്റ് പുരയിടം എസ്.ബിറ്റിയിൽ ലോണിന്റെ ആവശ്യത്തിനായി പണയം വച്ചതായും കാണുന്നു. മലപ്പുറം വില്ലേജ് ഓഫീസറുടെ കൈവശ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ വകുപ്പിന്റെ കുടിക്കട സർട്ടിഫിക്കറ്റ്, gail നുവേണ്ടി നൽകിയ സ്ഥലത്തിന്റെ അളവ്, പട്ടയം 1968 ലെയും 1969 ലെയും അടിയാധാരം, നികുതി രസീതുകൾ വരെ അപ്പീൽവാദി ഹാജരാക്കിയിട്ടുണ്ട്. 2021 ലെ പ്രസ്തുത സ്ഥലത്തിന്റെ നികുതി അടയ്ക്കുവാൻ വില്ലേജ് ഓഫീസിനെ സമീപിച്ചപ്പോഴാണ് ടിയാളുടെ സ്ഥലത്തിന്റെ നികുതി 19.08.2020 ന് ഇസ്ലാഹിയ അസോസിയേഷൻ നികുതി അടച്ചതായി അറിയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയിൽ മലപ്പുറം അംശം കീഴ്മുറി ദേശത്ത് റീസർവ്വെ നമ്പർ 494/6 ൽ പ്പെട്ട 58 സെന്റ് വസ്തുവിന് ഭൂനികുതി സ്വീകരിക്കാതിരിക്കാൻ കാരണവും അതിനാധാരമായ ഉത്തരവും അതോടൊപ്പം ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പും ആയതിന് സർവ്വെ വകു

പ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ട് ഉണ്ടെങ്കിൽ അതുമാണ് ആവശ്യപ്പെട്ടിരുന്നത്. ഒന്നാമത്തെ ചോദ്യത്തിന് സർവ്വെ നമ്പർ 494/6 ൽ പ്പെട്ട ഭൂമിയ്ക്ക് 19.08.2020 ന് ഇസ്ലാഹിയ അസോസിയേഷന്റെ പേരിൽ കമ്പ്യൂട്ടർ എൻട്രി വരുത്തിയതായി കാണുന്നു. ആയതു കാരണമാണ് ശ്രീ. ജയപ്രകാശിന്റെ പേരിൽ നികുതി അടവാക്കാൻ കഴിയാതിരുന്നതെന്നും 25.06.2015 ലെ ബഹു. മഞ്ചേരി സെക്ഷൻ കോടതിയുടെ 923/2015 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തതെന്ന് കമ്പ്യൂട്ടർ രേഖ പരിശോധിച്ചതിൽ കാണുന്നു എന്നും ഐ.എ 2396/16 (ഒ. എസ്) 336/2015 നമ്പർ കേസിൽ അഡ്വ. കമ്മീഷൻ ബഹു. കോടതി മുമ്പാകെ ഹാജരാക്കിയ സ്കെച്ചിൽ ടിയാൾക്ക് 494/6 ൽ ഭൂമിയില്ലെന്നും 33.5 സെന്റ് ഭൂമി 494/7 നമ്പരിലാണെന്നും കാണുന്നു എന്നാണ് വില്ലേജ് ഓഫീസർ കൂടിയായ എസ്.പിഐ.ഒയുടെ മറുപടി. കൂടാതെ സർവ്വെ നമ്പർ 494/6 ൽ ശ്രീ. ജയപ്രകാശിന് തെറ്റായി പോക്കുവരവ് ചെയ്ത് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് 13.11.2017 ന് ഇസ്ലാഹിയ സ്കൂൾ പ്രിൻസിപ്പൽ പരാതി നൽകിയിരുന്നുവെന്നും, ഐ.എ 1702/15 ലെ ഉത്തരവിന്റെ പകർപ്പ്, സി.എം.സി 933/2015 നമ്പർ ഉത്തരവിന്റെ പകർപ്പും അഡ്വ. കമ്മീഷൻ തയ്യാറാക്കിയ സ്കെച്ചിന്റെ പകർപ്പും പമ്പ് ഹൗസ് അപേക്ഷയുമായി ബന്ധപ്പെട്ട് ടിയാനും ശ്രീമതി കല്യാണി എന്നവരും മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ച സ്കെച്ചിന്റെ പകർപ്പും ബന്ധപ്പെട്ട ഫയലിൽ കാണുന്നുവെന്നും മറപടി നൽകി.

6. പരാതിയിൽ സർവ്വേ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നും മറുപടി നൽകി.

7. അപ്പീൽഹർജിക്കാരന് അവകാശ കൈവശം സിദ്ധിച്ച ഭൂമി 2020 വരെ നികുതി അടയ്ക്കുകയും തന്റെ കൈവശം തായ് പ്രമാണം ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കുകയും ടിയാൻ ആർക്കും തന്റെ വസ്തു കൈമാറ്റം ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 19.08.2020 ന് ടി ഭൂമിയ്ക്ക് ഇസ്ലാഹിയ അസോസിയേഷന്റെ പേരിൽ എൻട്രി വരുത്തിയത് കാരണമാണ് അപ്പീൽവാദിക്ക് നികുതി അടവാക്കുവാൻ കഴിയാതിരുന്നതെന്നാണ് എസ്.പി.ഐ.ഒയുടെ മറുപടി. ഒരു വ്യക്തിയുടെ കൈവശമുള്ള ഭൂമി മറ്റൊരു വ്യക്തിയുടെ പേരിൽ നികുതി അടവാക്കാനായി കമ്പ്യൂട്ടറിൽ എൻട്രി വരുത്തിയാൽ മതിയാകും എന്നാണ് വില്ലേജ് ഓഫീസർ കൂടിയായ എസ്.പി.ഐ.ഒയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്.

8. ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കിയിട്ടുള്ളത് അപേക്ഷ കക്ഷിയുടെ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയ്ക്ക് സംസ്ഥാന പൊതു വിവരാവകാശ ഓഫീസർ/ വില്ലേജ് ഓഫീസർ മലപ്പുറം നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും കക്ഷിയുടെ പരാതി സംബന്ധിച്ചുള്ള തീർപ്പ് വിവരാവകാശ നിയമം 2005 ന്റെ പരിധിയിൽ വരാത്തതിനാൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ആയതിന്റെ നടപടികൾ പാലിച്ച് തീർപ്പാക്കാവുന്നതാണെന്നുമാണ്. എസ്.പിഐ.ഒയുടെയും ഒന്നാം അപ്പീൽ അധികാരിയുടെയും നടപടികൾ വിവരാവാശ നിയമത്തിന്റെ നഗ്നമായ ലംഘനമാണ്. പൊതു വിവരാവകാശ ഓഫീസർ തന്റെ പക്കലുള്ള വിവരം സുതാര്യമായും സത്യസന്ധമായും അപ്പീൽവാദിക്ക് നൽകുന്നതിന് പകരം മന:പൂർവ്വം മറച്ചുവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. എസ്.പി.

ഐ.ഒയുടെ ഈ നടപടിയെ ഒന്നാം അപ്പീൽ അധികാരി ന്യായീകരിക്കുകയാണ് ചെയ്തത്.

9. വിവരാവകാശ അപേക്ഷയിൽ വ്യക്തമായ വിവരം നൽകണമെന്നിരിക്കേ അറിഞ്ഞു കൊണ്ട് തെറ്റായതും, അപൂർണ്ണമായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരം നൽകിയപരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പി ക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപ ടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരി ക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

10. അപ്പീൽ ഹർജിക്കാരന്റെ 20.04.2021 തീയതിയിലെ വിവരാകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തവും പൂർണ്ണവുമായ വിവരം സൗജന്യമായി നൽകുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസ ത്തിനുള്ളിൽ കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേ ണ്ടതാണ്.

11. ***മലപ്പുറം അംശം കീഴ്മുറി ദേശത്ത് റീസർവ്വേ നമ്പർ 494/6 ൽപ്പെട്ട 58 സെന്റ് വസ്തുവിന്റെ മുഴുവൻ രേഖകളും അപ്പീൽ ഹർജിക്കാരൻ ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വസ്തുവുമായി ബന്ധപ്പെട്ട വില്ലേജ്, താലൂക്ക് ഓഫീസുകളിലെ മുഴുവൻ രേഖകളും 101/2021 നമ്പർ ഫയലും കമ്പ്യൂട്ടർ രേഖകളും വിശദീകരണം സഹിതം എസ്.പി.ഐ.ഒയും ഒന്നാം അപ്പീൽ അധികാരിയും കമ്മീഷൻ മുമ്പാകെ 20.01.2023 തീയതി രാവിലെ 11.30 ന് നേരിട്ട് കമ്മീഷൻ ആസ്ഥാനത്ത് ഹാജരാകേണ്ട താണ്.***

12. ഇപ്രകാരം ഈ അപ്പീൽ ഹർജിയിൻമേൽ **ഇന്നേ ദിവസം 2023 ജനുവരി മാസം 10 -ാം തീയതി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി